**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **02-02-2026 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക രംഗത്ത് എന്തൊക്കെ പദ്ധതികളാണ് സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടർന്ന് വന്നതുമായ പദ്ധതികളാണ് യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, ഗ്രാമീണ കലാകേന്ദ്രം പദ്ധതി, കേരള സംസ്കാര വ്യാപനം, സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കുമുള്ള ധനസഹായം, മൺമറഞ്ഞ കലാകാരന്മാരുടെയും സാഹിത്യകാരൻമാരു ടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം, നാട്ടരങ്ങ് പദ്ധതി, മഹാത്മാഗാന്ധിയുടെ 70-ാമത് രക്തസാക്ഷ്യം കൾച്ചറിന്റെ അപ്പക്സ് ബോഡി, മ്യൂസിയങ്ങളുടെ വികസനവും നെറ്റ് വർക്കിംഗും, ഗെയിമിംഗ് & ആനിമേഷൻ പദ്ധതി എന്നിവ. നിലവിലെ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച പദ്ധതികളാണ് കൾച്ചറൽ ഡയറക്ടറേറ്റിലെ ഇ-ഫയലിംഗ് സമ്പ്രദായം, മഴമിഴി, സമം-ലിംഗ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം, ഡയറക്ടറേറ്റ് ഓഫ് കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണം, കലാകാരൻമാർക്കുള്ള അഭയകേന്ദ്രം/ ഫ്രീഡം മെമ്മോറിയൽ പാർക്ക്, സാംസ്കാരിക പൈതൃക ഗ്രാമം, വിവിധ കലാരൂപങ്ങൾക്കുള്ള ഫെല്ലോഷിപ്പുകൾ പിണറായി സൗത്ത് സോൺ കൾച്ചറൽ സെന്റർ (ഗ്ലോബൽ ആർട്ട് കൺവർജൻസ് സെന്റർ) നിർമ്മാണം, ഗോത്രകലകളുടെ പ്രോത്സാഹനവും സംരക്ഷണവും, സാംസ്കാരിക പ്രോത്സാഹന പരിപാടികൾ, വൈക്കം സത്യാഗ്രഹം ശതാബ്ദി ആഘോഷം സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനവും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് നവീകരണവും. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിലെ തനത് കരകൗശല കലാ സാംസ്കാരിക പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നതിനും കരകൗശല കലാകാരൻമാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കലാകാരന്മാരുടെയും കരകൗശല കൈത്തൊഴിലുകാരുടെയും സമ്പന്നമായ ഒര സാംസ്കാരിക പൈതൃകം നിലനിൽക്കുന്ന കേരളത്തിൽ ടി വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമീണ കലാകേന്ദ്രം പദ്ധതി അഥവാ റൂറൽ ആർ ഹബ്ബ് പദ്ധതി സാംസ്കാരിക വകു നടപ്പിലാക്കി വരുന്നു. നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും ആയതിലൂടെ ലഭ്യമാകുന്ന ഉത്പന്നങ്ങൾക്ക് വിപണി സൗകര്യം (ഓൺ ലൈൻ, ഓഫ് ലൈൻ ) ഒരുക്കുകയും ഇടനിലക്കാരുടെ ചൂഷണ ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിർവ്വഹണ ഏജൻസികളായ വാസ്തുവിദ്യ ഗുരുകുലവു ഫോക് ലോർ അക്കാദമിയും മുഖേനയാണ പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ പദ്ധതിയിൽ കീഴിൽ 57 സഹായ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരം മാനവീയം വീഥി സാംസ്കാരിക ഇടനാഴിയുടെ മാതൃകയിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതു ഇടങ്ങളോ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതിയായ നാട്ടരങ്ങ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലാണ് ടി പദ്ധതി പ്രകാരം ആദ്യ നാട്ടരങ്ങ് സ്ഥാപിച്ചത്. നിലവിലെ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, തൃശ്ശൂർ ജില്ലയിലെ അന്നമനട എന്നിവിടങ്ങളിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തിയായി. എറണാകുളം ജില്ലയിലെ ആലങ്ങാട് നാട്ടരങ്ങ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. മുന്നിയൂർ, വിളവൂർക്കൽ, വള്ളികുന്നം എന്നിവിടങ്ങളിൽ നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ